പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നം: **7721**

15.07.2014 ൽ മറുപടിയ്ക്ക്

**കൊള്ളപ്പലിശ ഈടാക്കി എന്ന് പരാതി പറഞ്ഞതിന്റെ പേരിൽ വീട്ടമ്മയും കുടുംബവും പ്രതികളുടെ ഭീഷണിയിൽ കഴിയുന്നതായ സംഭവം**

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. എം.എ. ബേബി<br>" രാജു എബ്രഹാം<br>ശ്രീമതി. പി. അയിഷാ പോറ്റി<br>ശ്രീ. ബി. സത്യൻ | ശ്രീ. രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) അഞ്ചലിൽ നടന്ന റൂറൽ എസ്.പി.യുടെ അദാലത്തിൽ കൊള്ളപ്പലിശ ഈടാക്കി എന്ന് പരാതി പറഞ്ഞതിന്റെ പേരിൽ വീട്ടമ്മയും കുടുംബവും പ്രതികളുടെ ഭീഷണിയിൽ കഴിയുന്നതായ സംഭവവും തുടർറിപ്പോർട്ടുകളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതു സംബന്ധിച്ച അന്വേഷണം നടത്തിയിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതു സംബന്ധിച്ച അന്വേഷണം നടത്തിയിട്ടുണ്ട്. |
| (ബി) വീട്ടമ്മയെയും കുടുംബത്തെയും ഭീഷണിപ്പെടുത്തിയ ആൾ കോൺഗ്രസ്സ് പ്രാദേശിക നേതാവാണോ; ഇദ്ദേഹത്തിനെതിരെ കേസ്സെടുത്തിട്ടുണ്ടോ; | (ബി) പരാതിക്കാരിയായ വീട്ടമ്മയെ ഭീഷണിപ്പെടുത്തിയതായുള്ള പരാതിയുടെ അടിസ്ഥാനത്തിൽ ഏരൂർ പഞ്ചായത്ത് മെമ്പറും കോൺഗ്രസ് ബ്ലോക്ക് പ്രസിഡന്റുമായ ഏരൂർ സുബാഷിനെതിരെ ഏരൂർ പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 661/14 u/s 118(d) of KP Act and 506(1) IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിയിട്ടുള്ളതും പ്രതിയെ അറസ്റ്റ് ചെയ്തിട്ടുള്ളതുമാണ്. |

.....2

| | | | |
|---|---|---|---|
| (സി) | സാമ്പത്തിക കുറ്റകൃത്യങ്ങളിലെ പ്രതിയും ഗുണ്ടാലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളയാളുമായ പ്രതിയെ പോലീസ് കസ്റ്റഡിയിൽ എടുത്തിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ? | (സി) | ടി കേസിലെ പ്രതി സാമ്പത്തിക കുറ്റകൃത്യങ്ങളിലും ഗുണ്ടാലിസ്റ്റിലും ഉൾപ്പെട്ടയാളല്ല. എന്നാൽ സാമ്പത്തിക കുറ്റകൃത്യങ്ങളിൽ ഉൾപ്പെട്ടിട്ടുള്ള പ്രതിയും ഗുണ്ടാലിസ്റ്റിൽ ഉൾപ്പെടുത്തുവാൻ ആവശ്യപ്പെട്ടിട്ടുള്ള പ്രതിയുമായ സൈജുവിനു വേണ്ടിയാണ് ടി കേസിലെ പ്രതിയായ ഏരൂർ സുബാഷ് വീട്ടമ്മയേയും കുടുംബത്തേയും ഭീഷണിപ്പെടുത്തിയത്. ആയതിനാണ് ടിയാനെതിരെ കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. സാമ്പത്തിക കുറ്റകൃത്യങ്ങളിൽ പ്രതിയായ സൈജു ഒളിവിലായതിനാൽ അറസ്റ്റ് ചെയ്യുവാൻ സാധിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ